# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4284** **12.11.2019-ൽ മറുപടിക്ക്**

## പ്രകൃതി ദുരന്തം കെ.എസ്.ഇ.ബി ക്ക് വരുത്തിയ നഷ്ടം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ടി.ബൽറാം | ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) 2019 ആഗസ്റ്റിലുണ്ടായ പ്രകൃതി ദുരന്തം കെ.എസ്.ഇ.ബി ക്ക് ഉണ്ടാക്കിയ നഷ്ടം എത്രയാണ്; വിശദാംശം നൽകുമോ; | (എ) 2019-ലെ പ്രളയം പ്രധാനമായും പാലക്കാട്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, വയനാട് ജില്ലകളിലെ വൈദ്യുതി വിതരണം താറുമാറാക്കുകയും ഏകദേശം 66 ലക്ഷം ഉപഭോക്താക്കൾക്ക് വൈദ്യുതി വിതരണം തടസ്സപ്പെടുകയും ചെയ്തിരുന്നു. പ്രാഥമിക കണക്കുകൾ പ്രകാരം വിവധ ജില്ലകളിലായി വിതരണ മേഖലയിൽ കെ. എസ്. ഇ. ബി-യുടെ 17.074 കി.മീ ലൈനുകൾക്കും 31.129 പോളുകൾക്കും 445 ട്രാൻസ്ഫോർമറുകൾക്കും കേടുപാടുകൾ ഉണ്ടായതുമൂലം 243.05 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്.<br>2019 ൽ സംസ്ഥാനത്തുണ്ടായ പ്രകൃതി ദുരന്തം മൂലം വൈദ്യുതി പ്രസരണ മേഖലയിൽ 4.15 കോടി രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. നാശനഷ്ടങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു. |

| ജില്ല | നഷ്ടം (ലക്ഷത്തിൽ ) |
|---|---|
| ആലപ്പുഴ | 28.40 |
| എറണാകുളം | 0.30 |
| തൃശ്ശൂർ | 286.35 |
| പാലക്കാട് | 16.46 |
| മലപ്പുറം | 35.00 |
| കോഴിക്കോട് | 34.66 |
| വയനാട് | 6.00 |
| കണ്ണൂർ | 7.26 |
| കാസർഗോഡ് | 1.29 |
| **ആകെ തുക** | **415.72** |

| | | | |
|---|---|---|---|
| (ബി) | പ്രളയം സംഭവിച്ച സ്ഥലങ്ങളിലെ ജനങ്ങളുടെ ദുരിതം മാറ്റുന്നതിന് കെ. എസ്. ഇ. ബി നടത്തിയ ഇടപെടലുകൾ എന്തൊക്കെയാണ്; | (ബി) | പ്രളയക്കെടുതിയിൽ പ്രതിഷ്ഠാപനങ്ങൾക്ക് ഉണ്ടായ കേടുപാടുകൾ തീർത്ത് പ്രളയ പൂർവ്വ സ്ഥിതി കൈവരിക്കുന്നതിന് 2018-ൽ വിജയകരമായി നടപ്പിലാക്കിയ "മിഷൻ റീ കണക്ട്" പദ്ധതി 2019-ൽ ഓഗസ്റ്റ് 9-നു തന്നെ ആരംഭിച്ചിരുന്നു. പ്രളയം മൂലം വൈദ്യുതി ബന്ധം പൂർണ്ണമായും പുന:സ്ഥാപിക്കാൻ സാധിക്കാത്ത വീടുകളിൽ ഒരു ലൈറ്റും പ്ലഗ് പോയിന്റും ഉള്ള വൈദ്യുതി കണക്ഷൻ ഉറപ്പുവരുത്താനുള്ള നടപടികൾ കൈകൊണ്ടിരുന്നു. മിഷൻ റീ കണക്ട് 2019 ന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി വാസ യോഗ്യമായ എല്ലാ വീടുകൾക്കും സ്ഥാപനങ്ങൾക്കും 20.08.2019 - ൽ തന്നെ വൈദ്യുതി ലഭ്യമാക്കുവാൻ സാധിച്ചു. കൂടാതെ പ്രളയംമൂലം ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറേണ്ടി വന്ന ഉപഭോക്താക്കൾക്ക് വൈദ്യുതി ബിൽ അടക്കുവാൻ ജനുവരി 2020 വരെ സാവകാശം നൽകുകയും ആവശ്യമെങ്കിൽ എൽ.ടി ഉപഭോക്താക്കൾക്ക് തവണകൾ അനുവദിക്കുവാനുള്ള അധികാരം നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഈ ശ്രമത്തിൽ കെ.എസ്.ഇ.ബി ജീവനക്കാർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ജീവനക്കാരുടെ കുടുംബത്തിന് എന്ത് ആശ്വാസ നടപടിയാണ് നൽകിയത് വിശദമാക്കാമോ? | (സി) | പ്രളയത്തിൽ തകർന്ന 110 കെ.വി. ടവർ പുന:സ്ഥാപിക്കുന്ന ജോലിയുടെ മേൽനോട്ട ചുമതലയുണ്ടായിരുന്ന വിയ്യൂർ ലൈൻ മെയിന്റനൻസ് സെക്ഷനിലെ അസിസ്റ്റന്റ് എൻജിനീയറായിരുന്ന ശ്രീ. ബൈജു. കെ.എ. 09.08.2019-ൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ ചെറുവഞ്ചിയിൽ നിന്നും വെള്ളത്തിൽ വീണ് മരണപ്പെടുകയുണ്ടായി പരേതന്റെ ആശ്രിതർക്ക് നഷ്ടപരിഹാരമായി 6,82,760/- രൂപയും പ്രത്യേക ദുരിതാശ്വാസ ആനുകൂല്യമായി 5 ലക്ഷം രൂപയും അനുവദിച്ച് 24.09.2019 - ൽ ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ